(സി) നിർദ്ദേശം നൽകിയിട്ടുണ്ട്

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

റേഷൻ കട ലൈസൻസി മരിച്ചാൽ ലൈസൻസ് പിൻതുടർച്ചാവകാശിക്ക് നൽകാൻ നടപടി

57 (5735) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമമനുസരിച്ച് റേഷൻകട ലൈസൻസി മരിച്ചാൽ ആ റേഷൻ കടയുടെ ലൈസൻസ് ലൈസൻസിയുടെ പിന്തുടർച്ചാവകാശിക്ക് നൽകണമെന്ന് വ്യവസ്ഥയുണ്ടോ ;

(ബി) ഇല്ലെങ്കിൽ കടകൾ നൽകുന്നതു സംബന്ധിച്ച് വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) ലൈസൻസി മരിച്ചാൽ ആ റേഷൻ കട പിന്തുടർച്ചാവകാശിക്ക് നൽകാൻ അപേക്ഷ ലഭിച്ചാൽ ഇത്തരം അപേക്ഷകൾ പരിഗണിക്കാതെ പുതിയ ലൈസൻസിക്കായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന രീതി അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റേഷൻ കട ലൈസൻസി മരിച്ചാൽ 1966-ലെ കേരള റേഷനിംഗ് ഓർഡറിലെ വ്യവസ്ഥകൾ പ്രകാരം, അനന്തരാവകാശിക്ക് ലൈസൻസ് നൽകാവുന്നതാണ്.

(ബി) ജനറൽ വിഭാഗത്തിൽ നിന്ന് ആ ഒഴിവ് സംവരണ തത്വം പാലിച്ച് നികത്തുന്നതിന് 1966-ലെ കേരള റേഷനിംഗ് ഓർഡറിൽ വ്യവസ്ഥയുണ്ട്.

(സി) ഉണ്ട്.

(ഡി) ഓരോ ജില്ലയിലെയും നിലവിലുള്ള റേഷൻ കടയുടെ ഒഴിവുകൾ നികത്തുന്നതിന് സംവരണതത്വം പാലിച്ചിരിക്കേണ്ടതാണെന്നും സംവരണതത്വം അനുസരിച്ച് നികത്തേണ്ട ഒഴിവുകൾ നികത്താതെ ജനറൽ വിഭാഗത്തിൽ നിന്നും നിയമനം നടത്താൻ പാടില്ല എന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുണ്ട്. പ്രസ്തുത ഉത്തരവിനെതിരെയുള്ള കേസുകളും ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിക്കുന്ന വിധിന്യായത്തിന് വിധേയമായി, ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly